കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - ഭവന - ഭൂരഹിതരായവർക്ക് വീട് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്ന പദ്ധതി- സബ്സിഡി തുക വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ(എം.എസ്)നം: 59/2012/തസ്വഭവ** **തിരുവനന്തപുരം, തീയതി: 6/03/2012**

---

**പരാമർശം:-** 1. 7/11/09-ലെ സ.ഉ (എം.എസ്) 207/09/തസ്വഭവ നമ്പർ ഉത്തരവ്.

2. 25/8/11-ലെ സ.ഉ(കൈ)87/2011/പജ.പവ.വിവ നമ്പർ ഉത്തരവ്

3. മാടായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 6/2/12-ലെ യു.ഡി2-12045/11 നമ്പർ കത്ത്.

4. 15/2/12-ലെ വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ സമിതി യോഗത്തിലെ തീരുമാനം നം.2.18.

5. 29/2/12-ലെ വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ സമിതി യോഗത്തിലെ തീരുമാനം നം. 2.18.

## ഉത്തരവ്

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഭൂമി വാങ്ങുന്നതിന് നൽകി വരുന്ന ധനസഹായം, ഗ്രാമപ്രദേശങ്ങളിൽ ഭൂമി വാങ്ങുന്നതിന് ഒന്നര ലക്ഷം രൂപയായും, മുനിസിപ്പാലിറ്റിയിൽ ഭൂമി വാങ്ങുന്നതിന് ഒരു ലക്ഷത്തി എഴുപത്തി അയ്യായിരം രൂപയായും കോർപ്പറേഷനിൽ രണ്ട് ലക്ഷം രൂപയായും വർദ്ധിപ്പിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 15/2/12 - ലെ തീരുമാനം ഇനം 2.18 ഉം 29/2/12-ലെ തീരുമാനം ഇനം.2.18 എന്നിവയുടെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ച പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഭൂമി വാങ്ങുന്നതിന് നൽകി വരുന്ന ധനസഹായം, ഗ്രാമപ്രദേശങ്ങളിലെ ഭൂമി വാങ്ങുന്നതിന് ഒന്നര ലക്ഷം രൂപയായും, മുനിസിപ്പാലിറ്റിയിൽ ഭൂമി വാങ്ങുന്നതിന് ഒരു ലക്ഷത്തി എഴുപത്തി അയ്യായിരം രൂപയായും കോർപ്പറേഷനിൽ ഭൂമി വാങ്ങുന്നതിന് രണ്ട് ലക്ഷം രൂപയായും വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭവന-ഭൂരഹിതരായവർക്ക് വീട് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങി നൽകുന്നതിന് തയ്യാറാക്കിയിട്ടുള്ള പട്ടികയിൽ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നിവയിൽ ഇനിയും ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് അടുത്ത വർഷം ആവശ്യത്തിന് ഫണ്ട് ബജറ്റിൽ ഉൾപ്പെടുത്തേണ്ടതാണെന്നും ഈ സാമ്പത്തിക വർഷത്തെ മൊത്തം ചെലവ് ബജറ്റ് വിഹിതത്തിനുള്ളിൽ തന്നെ നിജപ്പെടുത്തേണ്ടതാണെന്നും ജില്ലാ ആസൂത്രണ സമിതിയുടെ സാധൂകരണം വാങ്ങേണ്ടതാണെന്നുമുള്ള നിബന്ധനയോടുകൂടി

( ..... 2)

വീട് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനുള്ള സബ്സിഡി തുക യഥാക്രമം ഒന്നര ലക്ഷം ഒരുലക്ഷത്തി എഴുപത്തായ്യായിരം രണ്ടു ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ജെയിംസ് വർഗ്ഗീസ്

ഗവ. പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പൽ ചെയർപേഴ് സൻമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻ മാർക്കും
7. പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
8. പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ്
9. സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്
10. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ്
11. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
12. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
13. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
14. മുഖ്യ നഗരാസൂത്രകൻ
15. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ
16. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്
17. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
18. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
19. എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി(ജില്ലാകളക്ടർമാർ)മാർക്കും
20. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
21. എല്ലാപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
22. എല്ലാ അസിസ്റ്റന്റ് ഡവലപ് മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
23. എല്ലാ നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടർമാർക്കും
24. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
25. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
26. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
27. സെക്രട്ടറി, കേരള ബ്ളോക്ക് പഞ്ചായത്ത് അസോസിയേഷൻ
28. സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
29. സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
30. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ആഡിറ്റ്) കേരള,തിരുവനന്തപുരം
31. അക്കൗണ്ടന്റ് ജനറൽ(എആന്റ് ഇ)കേരള,തിരുവനന്തപുരം
32. എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )

33. മെമ്പർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

34. ഓഫീസ് കോപ്പി/കരുതൽഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: 1. തദ്ദേശസ്വയംഭരണ (പഞ്ചായത്ത്) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. തദ്ദേശസ്വയംഭരണ (നഗരകാര്യ) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
3. തദ്ദേശസ്വയംഭരണ (ഗ്രാമവികസന) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
5. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
6. തദ്ദേശസ്വയംഭരണ ഡിഎ/ഡിസി/ഡിഡി സെക്ഷനുകൾക്ക്